
mārggam
Digital Library of Christianity in India
www.marggam.com

RESOURCES FOR RESEARCHERS

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

# Dukrana, February-1985
# ദുക്റാന




| Call Number | RR-1366/WM |
|---|---|
| Title | Dukrana Aaradhana. February.Monthly<br>ദുക്റാന |
| Topic | A Journal on Liturgy<br>Sponsered by the Eastern Liturgical society |
| Author | Unknown. |
| Publisher/Year | Fr. George Kolath /1985 |
| Board of Editors | Dr. Jacob Vellian<br>S. Kurian Vempany |
| Edition | 2 |
| Managing Editor | Dr. Xavier Koodapuzha |
| News Editor | Dr. Wilson Ukken |
| Book | 5 |
| Printed at | Kottayam |
| Total Pages | 52 |
| Language | Malayalam |
| Copyright | Author/Publisher |
| Contributor | Ann Lia Wilson |
| Key Words | #Dukrana #AJournalonLiturgy # EasternLiturgicalsociety # FrGeorgeKolath # DrJacobVellian #S.KurianVempany # Dr.XavierKoodapuzha # DrWilsonUkken #Kottayam |

Disclaimer: Copyright to the Author/Publisher. This Extract of the book is Read Only and cannot be downloaded, copied, printed or published without the prior permission of the Author / Publisher. For more details contact us: info@thecmsindia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA




www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ദുക്റാന
## ആരാധന

പുസ്തകം 5 | 1985 ഫെബ്രുവരി | ലക്കം 2

**- ഈ ലക്കത്തിൽ -**


ആഹാരം, ആരോഗ്യം, ആനന്ദം — 2

ഉപവസിക്കുക, നിന്റെ വെളിച്ചം വിരിയട്ടെ
മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി — 5

ദനഹാക്കാലം, മരിച്ചവരുടെ ഓർമ്മയ്ക്കുള്ള പുണ്യകാലം
ഡോ. ജെയിംസ് ചാവേലിൽ — 9

എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക
ഡോ. മാത്യു വെള്ളാനിക്കൽ — 16

ഇടവകകളിൽ സഭയുടെ നോയമ്പുകാല നമസ്കാരം
ഡോ. ജേക്കബ് വെള്ളിയാൻ — 20

ചിന്താതരംഗം — 26

സീറോ മലബാർ സഭയുടെ ആരാധനക്രമം — 30

വാർത്താലോകം — 37

കലണ്ടർ



**DUKRANA**

*Monthly*

*A Journal on Liturgy*

*BOARD OF EDITORS*

*Chief Editor*
*Dr. Jacob Vellian*

*Managing Editor*
*Dr. Xavier Koodapuzha*

*General Editor*
*S. Kurian Vempany*

*Associate Editor*
*Dr. Thomas Mannooramparampil*

*News Editor*
*Dr. Wilson Ukken*

*Finance Manager*
*Fr. Joseph Kunnathupurayidam*

*Publisher*
*Fr. G. Kolath*

*Art. Editor*
*Joseph Newton*

*All correspondence regarding agency and subscription*
*The Circulation Manager*

**DUKRANA**

*Vidyanagar, Manganam P. O.*
*Kottayam 686 018, Kerala.*
*Phone Ktm. 8321*

*SUBSCRIPTION*

*Single Copy Rs. - 1.25*
*Annual Sub. Rs. - 12/-*


www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India



## പത്രാധിപർ സംസാരിക്കുന്നു

# ആഹാരം, ആരോഗ്യം, ആനന്ദം

നീയങ്ങു് മെലിഞ്ഞു കോലം കെട്ടു പോയല്ലോ! എന്തു പററി? ഈയിടെ ഒന്നും കഴിക്കുന്നില്ലേ? ക്ഷീണിച്ചവരെ കാണുമ്പോൾ സാധാരണ ജനങ്ങളിൽനിന്നും ഉയരുന്ന ചോദ്യമാണിതു്. ക്ഷീണം പല കാരണങ്ങൾ കൊണ്ടാവാം. പക്ഷേ ആദ്യം നമ്മുടെ മനസ്സിനെ സ്പർശിക്കുന്ന ക്ഷീണഹേതു പട്ടിണിയാണു്. ഉന്മേഷവും, മുഖശ്രീയുമെല്ലാം ആഹാരത്തെ ആശ്രയിച്ചിരിക്കുന്നു. മനുഷ്യജീവന്റെ നിലനില്പിനു് ആഹാരമാണു് ആധാരം. അതുകൊണ്ടുതന്നെ ആഹാരം ജീവനാണെന്നു പറയപ്പെടുന്നു. ഭക്ഷണം കിട്ടാതെ വന്നാൽ മനുഷ്യന്റെ കർമ്മശേഷിയും കാര്യഗ്രഹണ ശക്തിയുമെല്ലാം അവനോടൊപ്പം തളർന്നു വീഴുകയേയുള്ളു. ഏതാനും നാളത്തേയ്ക്കു് ആഹാരം മുടങ്ങിപ്പോയാൽ ഭൂതലം, ജീവച്ഛവങ്ങളുടെ ഒരു ശ്മശാന ഭൂവായി മാറും. ആലിലപോലെ ഒട്ടിയവയറുമായി നടക്കുന്നവരെ കാണുമ്പോൾ നമ്മുടെ മനസ്സു വേദനിക്കുന്നതു് വിശപ്പിന്റെ കാഠിന്യം നമുക്കു അറിയാവുന്നതുകൊണ്ടാണല്ലോ. ഏററം കഠിനമാണു് വിശപ്പു്. വിശക്കാത്തവനു് അതു് അറിഞ്ഞുകൂടെന്നുമാത്രം. മൂന്നു ദിവസം വിശപ്പും ദാഹവും മറന്നു് തന്നോടൊത്തുണ്ടായിരുന്ന ജനസഹസ്രങ്ങളെ ഉദ്ദേശിച്ചു ക്രിസ്തുനാഥൻ പറയുന്നു:

*ഈ ജനക്കൂട്ടത്തോട് എനിക്കു അനുകമ്പ തോന്നുന്നു. അവർക്കു ഭക്ഷിക്കുവാൻ യാതൊന്നുമില്ല! വഴിയിൽ അവർ തളർന്നു വീഴാനിടയുള്ളതിനാൽ ആഹാരം നൽകാതെ അവരെ പറഞ്ഞയക്കാൻ എനിക്കു മനസ്സു വരുന്നില്ല.*

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

# ഉപവസിക്കുക
## നിന്റെ വെളിച്ചം വിരിയട്ടെ

*നവീകരണസന്ദേശവുമായി നോയമ്പുകാലം വീണ്ടും നമ്മുടെ പടിവാതിലിൽ എത്തിയിരിക്കുന്നു. നോയമ്പ്, ഉപവാസം എന്നീ പദങ്ങൾ ദ്യോതിപ്പിക്കുന്ന സന്ദേശമാണ് ഈ കാലഘട്ടത്തിൽ നമുക്ക് ഓരോരുത്തർക്കും കൈമാറാനുള്ളത്. ത്യാഗോജ്ജ്വലമായ ജീവിതത്തിലൂടെ ദൈവസാന്നിദ്ധ്യം അനുഭവിക്കാൻ സഭാ തനയർക്കു ഉത്തേജനം നൽകുന്നതാണ് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളിയുടെ ഈ ലേഖന തല്ലജം.*

സ്രഷ്ടാവായ ദൈവവും അവിടുത്തെ കരവിരുതിന്റെ മകുടം ചൂടിയ മനുഷ്യനും തമ്മിലുള്ള ബന്ധത്തിനു മങ്ങലേററ അവസരങ്ങളിലെല്ലാം ദൈവത്തിന്റെ പക്കൽ തങ്ങൾക്കു നഷ്ടപ്പെട്ടുപോയ സംപ്രീതി വീണ്ടെടുക്കുവാൻവേണ്ടി മനുഷ്യർ പരിഹാരബലികളർപ്പിക്കുന്നതും ഉപവാസവും പ്രായശ്ചിത്തവുമനുഷ്ഠിക്കുന്നതും രക്ഷാകര ചരിത്രത്തിലുടനീളം നമുക്കു കാണുവാൻ സാധിക്കും. സ്നേഹത്തിന്റെ മാർഗ്ഗത്തിൽനിന്നു മനുഷ്യൻ വ്യതിചലിക്കുമ്പോഴാണല്ലോ ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിനു് ഉലച്ചിൽ തട്ടുന്നതു്. വാത്സല്യനിധിയായ പിതാവിന്റെ സ്നേഹവലയത്തിൽനിന്നു് ഓടിയകലുന്ന മനുഷ്യന്റെ അവസ്ഥയാണു പാപം. ദൈവസന്നിധിയിൽനിന്നും ഒളിച്ചോടുന്ന മനുഷ്യന്റെ ചിത്രത്തോടെയാണല്ലോ ലോകചരിത്രം ആരംഭിക്കുന്നതുതന്നെ. ദൈവകല്പന ലംഘിച്ച ആദി മാതാപിതാക്കളായ ''പുരുഷനും ഭാര്യയും അവിടുത്തെ മുമ്പിൽനിന്നു മാറി, തോട്ടത്തിലെ മരങ്ങൾക്കിടയിലൊളിച്ചു'' (ഉൽ. 3:8). ആദവും ഹവ്വായും തുടങ്ങിവച്ച ആ ഒളിച്ചോട്ടം തിന്മ

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

# ദനഹാക്കാലം മരിച്ചവരുടെ സ്മരണക്കുള്ള പുണ്യകാലം

**മരിച്ചവരുടെ തിരുനാൾ ഏതു കാലഘട്ടത്തിലാണ് നാം ആചരിക്കേണ്ടത്? ലത്തീൻ റീത്തിൻെറ സ്വാധീനവലയത്തിൽപ്പെട്ടു സീറോ-മലബാർ സഭ അടുത്തകാലം വരേയും– ചില രൂപതകളിലെല്ലാം ഇപ്പോഴും – മരിച്ചവരുടെ തിരുനാൾ ആഘോഷിക്കുന്നത് നവംബർ 2–ാം തീയതിയാണ്.**

**ഇതിൻെറ ഔചിത്യത്തെ ചോദ്യം ചെയ്തുകൊണ്ടുള്ളതാണ് റവ. ഡോ. ചാവേലിയുടെ ഈ ലേഖനം.**

## മലബാർ സഭയിൽ മരിച്ചവരുടെ ഓർമ്മത്തിരുനാൾ

ജനുവരി 6-ാം തീയതി സാർവത്രികമായി ആചരിക്കപ്പെടുന്ന ദനഹാപ്പെരുനാൾ പൗരസ്ത്യസഭകളിൽ പ്രധാനമായും ക്രിസ്തുവിൻെറ ജ്ഞാനസ്നാനത്തെയാണ് അനുസ്മരിപ്പിക്കുന്നത്. ദനഹാ എന്ന വാക്കിനു പ്രത്യക്ഷീകരണം, ഉദയം, ആവിഷ്ക്കരണം എന്നെല്ലാം അർത്ഥമുണ്ട്. ദൈവികമായ പ്രത്യക്ഷീകരണം ഏററം പൂർണ്ണമായ വിധത്തിൽ നടന്നതു ക്രിസ്തുവിൻെറ ജ്ഞാനസ്നാനാവസരത്തിലാണല്ലോ. ''ഇവൻ എൻെറ പ്രിയപുത്രനാകുന്നു'' എന്നരുളിച്ചെയ്ത പിതാവും, ജ്ഞാനസ്നാനം സ്വീകരിച്ച പുത്രനും, പ്രാവിൻെറ രൂപത്തിൽ അവൻെറ മേൽ ഇറങ്ങിവന്ന പരിശുദ്ധാത്മാവും ആകുന്ന ത്രിത്വത്തിൻെറ രഹസ്യം അന്ന് ഏററം പ്രത്യക്ഷമായി ലോകത്തിനു വെളിപ്പെടുത്തപ്പെട്ടു. അതോടൊപ്പം ക്രിസ്തുവിൻെറ ദൈവത്വം താൻ പ്രവർത്തിച്ച അത്ഭുതങ്ങളിലൂടെയും പഠിപ്പിച്ച പ്രബോധനങ്ങളിലൂടെയും ക്രിസ്തുനാഥൻ തൻെറ ദൈവത്വത്തെ ലോകത്തിനു വെളിപ്പെടുത്തിയിട്ടുണ്ട്.

**ഡോ. ജെയിംസ് ചാവേലി**

ദനഹാക്കാലത്ത് ആരാധന ക്രമത്തിലെ വിശുദ്ധഗ്രന്ഥവായനകളിലും ഇതര പ്രാർത്ഥനകളിലും

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

# ഇടവകകളിൽ സഭയുടെ നോമ്പുകാലനമസ്കാരം

അദ്ഭുതപൂർവ്വമായ ഭക്തിയോടും ശ്രദ്ധയോടുംകൂടി പ്രാർത്ഥിക്കേണ്ട ഘട്ടമാണല്ലോ നോമ്പുകാലം. ഉയിർപ്പിന്റെ ആനന്ദം കണ്ടെത്താൻ പ്രാർത്ഥനാനിരതമായ ഒരു ജീവിതസരണി ആവശ്യമാണല്ലോ.

സഭയുടെ ഔദ്യോഗിക പ്രാർത്ഥനയായ കാനോന നമസ്കാരം കുടുതൽ ജാഗ്രതയോടെ ചൊല്ലുന്ന കാലമാണ് നോമ്പുവേള. പ്രഭാതത്തിലും സായാഹ്നത്തിലുമല്ലാതെ നോമ്പുകാലത്തു മററു യാമങ്ങളിലും കാനോന നമസ്കാരം ചൊല്ലി വന്നിരുന്നു. രാത്രി ഉറക്കമിളച്ചും ഉച്ചകഴിഞ്ഞ് മൂന്നു മണിക്കും രാവിലെ 9 മണിക്കും പ്രാർത്ഥിക്കുന്ന പതിവു് പുരാതന കാലത്തുണ്ടായിരുന്നു. 16-ാം നൂററാണ്ടിൽ കേരളത്തിൽ വന്ന മിഷനറിമാർ ഈ രീതി കണ്ടറിഞ്ഞിട്ടുള്ളതുമാണ്.

ഇടവക ദേവാലയങ്ങളിൽ ജനങ്ങൾ ഒരുമിച്ചുകുടി കാനോന നമസ്കാരം ചൊല്ലിയിരുന്ന രീതി അന്തർദ്ധാനം ചെയ്തു കഴിഞ്ഞു. നോമ്പുകാല ചൈതന്യം ഇടവകകളിൽ പ്രബുദ്ധമായി തീരുന്നതിന് കാനോന നമസ്കാരത്തിന്റെ പ്രധാന ഭാഗങ്ങളായ പ്രഭാത പ്രാർത്ഥനയും സായാഹ്ന പ്രാർത്ഥനയും ഇടവക പള്ളികളിൽ ചൊല്ലിത്തുടങ്ങുന്നതു നന്നായിരിക്കും. ചുരുങ്ങിയ പക്ഷം പ്രഭാത പ്രാത്ഥനയെങ്കിലും (സപ്രാ) കുർബാനയ്ക്കു മുൻപായി ചൊല്ലിക്കാണണമെന്ന ആഗ്രഹത്താൽ പ്രചോദിതമായി കുറിക്കപ്പെട്ടതാണ് ഈ ലേഖനം.

പ്രാർത്ഥനയുടെ എല്ലാ വശങ്ങളും ഉൾക്കൊള്ളുന്ന സമ്പൂർണ്ണമായ ഒരു ക്രൈസ്തവപ്രാർത്ഥനയാണ് സപ്രാ എന്ന പ്രഭാത ജപം.

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# വാർത്താലോകം

## യുവജന വത്സരം

### പരി. ജോൺ പോൾ മാർപാപ്പായുടെ ഉജ്ജ്വലത്തായ ഉദ്ബോധനം

ഐക്യരാഷ്ട്ര സംഘടന 1985 അന്താരാഷ്ട്ര യുവജനവത്സരമായി പ്രഖ്യാപിച്ചിരിക്കുന്നു. ഇതോടനുബന്ധിച്ച് പരി: പിതാവ് ഉജ്ജ്വലത്തായ പുതുവത്സര സന്ദേശമാണ് യുവജനങ്ങൾക്കു നൽകിയിട്ടുള്ളത്. സമാധാനത്തിന്റെ ആവശ്യകതയും സാധ്യതയും കേന്ദ്രീകരിച്ചാണ് പരി. പിതാവ് സംസാരിച്ചത്. സമാധാനം ആവശ്യമാണ്, സാധ്യവുമാണ്. സമൂഹത്തിൽ അനീതിയും അസ്വസ്ഥതയും എല്ലാമുണ്ട്. അവ വളരെയേറെ പ്രശ്നങ്ങൾക്ക് വഴിയൊരുക്കുന്നു. ശരിതന്നെ, പക്ഷേ അവയെക്കുറിച്ച് സഹതപിക്കുന്നതുവഴി സമാധാനം നേടാനാവില്ല. ആ പ്രശ്നങ്ങളുടെ മൂലകാരണം കണ്ടെത്തണം. ചില പ്രത്യേക പ്രത്യയ ശാസ്ത്രങ്ങളാണ് ഈ പ്രശ്നങ്ങൾക്കു കാരണമെന്നു കാണാം. ഈ പ്രത്യയശാസ്ത്രങ്ങളാകട്ടെ പ്രത്യേക രാഷ്ട്രീയ, സാമ്പത്തിക, സാമൂഹ്യ ചട്ടക്കൂടുകളിലൂടെ പ്രത്യക്ഷപ്പെടുകയും, തദ്വാരാ മനുഷ്യന്റെ ചിന്താധാരയെത്തന്നെ സ്വാധീനിക്കുകയും ചെയ്യുന്നു.

യുവാക്കൾ തങ്ങളുടെ യുവത്വത്തെ ഭയപ്പെടേണ്ടതില്ല. സന്തോഷത്തിനും, സത്യത്തിനും, സൗന്ദര്യത്തിനും, ശാശ്വതമായ സ്നേഹത്തിനും അവക്ക് താത്പര്യമുണ്ടായിരിക്കുക സ്വാഭാവികമാണ്. എന്നാൽ, മയക്കുമരുന്നുകളിലും മദ്യത്തിലും മയങ്ങിക്കിടക്കുന്ന മായാലോകം കിനാവുകാണുന്നത് ശരിയല്ലെന്ന് പരി. പിതാവ് പ്രത്യേകം അനുസ്മരിപ്പിച്ചു. അതുപോലെ അപകടകരമാണ് നിസ്സംഗതാമനോഭാവം, അക്രമം, വിവാഹത്തിന്റെയും കുടുംബത്തിന്റെയും ഉത്തരവാദിത്വം ഏറ്റെടുക്കാൻ തയ്യാറില്ലാത്ത ലൈംഗികബന്ധങ്ങൾ എന്നിവയും. ചിന്തിക്കുന്ന യുവാക്കൾ ചോദിക്കേണ്ട ചോദ്യമുണ്ട്: എത്തരം യുവാക്കളെയാണ് ഇന്ന് നമുക്കാവശ്യം? ഈ ചോദ്യം ദൈവത്തെ അന്വേഷിക്കുവാൻ അവരെ പ്രേരിപ്പിക്കും. ഇന്ന് പലരും ചോദിക്കാൻ ധൈര്യപ്പെടാത്ത ചോദ്യമാണിത്. ദൈവനിഷേധം ജീവിതശൈലിയായി മാറി വരുന്നു.

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

ധനങ്ങൾ എന്നിവയൊക്കെയാണ് നാം പഠിക്കുകയും, പ്രയോഗികമാക്കുകയും ചെയ്യേണ്ട കാര്യങ്ങൾ. അപ്പോൾ നാം ദൈവഹിതം അനുസരിക്കുന്നവരാകും. തത്ഫലമായി നിത്യരക്ഷയ്ക്ക് അർഹരുമാകും.

## വ്യാജപ്രവാചകരെ സൂക്ഷിക്കുക

ഈശോയുടെ നാമം ഏറ്റുപറഞ്ഞു അധര സേവമാത്രം ചെയ്യുന്നവർ, ദൈവഹിതം നിവ്വഹിക്കാത്ത വ്യാജപ്രവാചകരാണ്. ദൈവ്സന്നിധിയിൽനിന്നും അന്ത്യവിധിനാളിൽ അവർ നിഷ്കാസിതരാകും (Jn. 22 - 23).

## വ്യാജപ്രവാചകരെ മനസ്സിലാക്കുവാനുള്ള മാർഗ്ഗം

1 അവർ പഠിപ്പിക്കുന്നതു പോലായിരിക്കില്ല ജീവിതം. എന്തെങ്കിലും നേട്ടങ്ങൾ ഉണ്ടാക്കുവാനായി പ്രബോധനങ്ങൾ നൽകുന്നവരായിരിക്കും. സാമ്പത്തിക നേട്ടങ്ങളായിരിക്കാം, പേരും പ്രശസ്തിയുമായിരിക്കാം, അല്ലെങ്കിൽ തന്റെ സ്വാത്ഥമായ ആശയങ്ങൾ ചെലവാക്കാനുള്ള വേദിയായിട്ടായിരിക്കാം. ക്രൈസ്തവ പ്രബോധനത്തിലൂടെ ഇക്കാര്യങ്ങൾ നേടിയെടുക്കുന്നവർ ചീത്തഫലം നൽകുന്ന ചീത്ത വൃക്ഷമാണ് (Jn. 7 : 17). ആദിമസഭയിൽ തന്നെ ഇത്തരത്തിലുള്ള വ്യാജപ്രവാചകന്മാർ ഉണ്ടായിരുന്നതായി ഡിഡക്കായിലുള്ള ചില പരാമശ്നങ്ങളിൽ നിന്നു മനസ്സിലാക്കാവുന്നതാണ്. ഇന്നത്തെ സഭയിലും ഇത്തരത്തിലുള്ള വ്യാജപ്രവാചകന്മാർ ഉണ്ടെന്നുള്ളതാണ് വസ്തുത. അതുകൊണ്ടു സഭാ പ്രബോധകരുടെ ജീവിതത്തിൽനിന്നും വ്യാജപ്രവാചകരേയും, സത്യപ്രവാചകരേയും മററുള്ളവർക്കു മനസ്സിലാക്കുവാൻ സാധിക്കണം. യഹൂദ റബ്ബിമാർ ഏതെങ്കിലും തൊഴിൽ ചെയ്തു ഉപജീവനം നടത്തുന്നവരായിരുന്നു. അതുകൊണ്ടു, അവരുടെ പ്രബോധന ജോലി, അവരുടെ ഉപജീവനമാർഗ്ഗമായിരുന്നില്ല.

## (2) നല്ല വൃക്ഷത്തിൽ നിന്നുണ്ടാകുന്ന നല്ല ഫലങ്ങൾ

(a) ഈശോയുടെ സന്ദേശം ആചാരാനുഷ്ഠാനങ്ങളിൽ ഒതുക്കി നിത്താതെ, അനുദിനജീവിതത്തിൽ പ്രായോഗികമാക്കേണ്ടതിനുള്ള പ്രബോധനവും, അത്തരത്തിലുള്ള ജീവിതശൈലിയും സ്വീകരിക്കുക. അപ്പോൾ ആചാരാനുഷ്ഠാനങ്ങൾക്കു പ്രഥമസ്ഥാനം നൽകാതെ ക്രിസ്തീയരൂപിയിലുള്ള ജീവിതശൈലിക്കു ഒന്നാം സ്ഥാനം നൽകും.

(b) ഈശോ പഠിപ്പിച്ച സ്നേഹവും, സേവനവും സാവ്വത്രികമായി പ്രവൃത്തിപഥത്തിലെത്തിക്കാവുന്ന ക്രിയാത്മകമായ ഒരു മതവീക്ഷണം ഇത്തരത്തിലുള്ള ക്രിയാത്മകജീവിതത്തിലുണ്ടാകുന്ന കരിശ്ശുകൾ സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്യുക.

(c) സാമൂഹികവും സാമ്പത്തികവും' രാഷ്ട്രീയവുമായ (മതപരമായ രംഗത്തു മാത്രം ഒതുങ്ങിനിൽക്കാതെ) ജീവിതത്തിന്റെ എല്ലാ തുറകളിലേക്കും ഈശോ പഠിപ്പിച്ച ആദശ്ങ്ങൾ ആനുകാലികമായി വ്യാഖ്യാനം ചെയ്യുക. അത്തരത്തിൽ ഒരു ക്രിസ്തീയ സംസ്ക്കാരം വളരുവാൻ ഇടയാക്കുന്ന പ്രബോധനം ഉണ്ടാവണം.

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

marggam
Digital Library of Christianity in India
www.marggam.com

**An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India**

Support Our Ongoing Projects

- Marggam - Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org